

# കാട്ടിലെ മഞ്ഞ

**വീണ്ടും ഒരു വിഷു. മനസ്സിന്റെ വിശാലതകളിൽ നിറകണിയൊരുങ്ങേണ്ട മലയാളികളുടെ പുതുവത്സരദിനം. എന്നാൽ കലാപങ്ങളുടേയും ദുരന്തങ്ങളുടേയും വഴികളിലൂടെ ഒരു വർഷം കൂടി കടന്നുപോകുമ്പോൾ നമുക്ക് ബാക്കിയാകുന്നത് നഷ്ടബോധങ്ങൾ മാത്രം. ഇതാ, ഈ വിഷുദിനത്തിൽ പഴമയുടേയും പാരമ്പര്യത്തിന്റേയും തിളക്കങ്ങൾ കൈവിട്ടുപോകുന്ന നമ്മുടെ ഗൃഹാതുരസ്മരണകൾ ഉണർത്തുന്ന ഒരു അനുഭവക്കുറിപ്പ്.**

സുസ്മേഷ് ചന്ത്രോത്ത്

നാലഞ്ചുവർഷങ്ങൾക്കു മുൻപ് നടന്ന ഒരനുഭവം ഈ വിഷുക്കാലത്ത് ഓർമ്മിച്ചെടുക്കുന്നതിൽ കൗതുകമുണ്ട്. ഇടുക്കി ജില്ലയുടെ അതിരിൽ എറണാകുളം ജില്ലയോട് ചേർന്ന് കുറച്ച് വനപ്രദേശമുണ്ട്. നേര്യമംഗലത്തുനിന്ന് പാമ്പ വഴി ഇടുക്കിയിലേക്കു സഞ്ചരിക്കുമ്പോൾ ഇടതുഭാഗത്ത് ആകാശം തൊട്ടുനിൽക്കുന്ന പാറക്കെട്ടുകളായും വലതുഭാഗത്ത് താഴെ പെരിയാറായും മലനിരകളായും ഇടതിങ്ങി നിൽക്കുന്ന കാട് കാണാൻ കഴിയും.

ഒരിക്കൽ വെൺമണി എന്ന ഗ്രാമത്തിൽനിന്നും ഞാൻ എറണാകുളത്തിനു പോകാനായി പുലർകാലത്ത് അഞ്ചുമണിയോടുകൂടി പുറപ്പെട്ടു. കുത്തനെ ഒരു മലയിറങ്ങിയാൽ - അതൊരു കുറുക്കുവഴിയാണ് - താഴെ റോഡിലെത്താം. ഒരു മണിക്കൂർ നടത്തം കൊണ്ട് ഏതാണ്ട് നാലുമണിക്കൂർ നടത്തമാണ് ഒഴിവായിക്കിട്ടുന്നത്. ബസുകളില്ലാത്ത ആ മലയോരപ്രദേശത്ത് അത്ര പുലർച്ചെ ടിക്കറ്റ് വച്ച് ഓടുന്ന ജീപ്പുകൾ കിട്ടാൻ പ്രയാസമായിരുന്നു. ഞാൻ നടക്കാൻ തയ്യാറായി. പലരോടും വഴി ചോദിച്ച് മനസ്സിലാക്കി. അടയാളങ്ങൾ മനസ്സിലുറപ്പിച്ച് സഞ്ചിയും ചുമലിലിട്ട് തനിയെ ഇറങ്ങി. അരണ്ട വെട്ടം മാത്രമാണ് കാപ്പിച്ചെടികൾ പടർന്ന വഴിയിലുള്ളത്.

ഇടുക്കിയുടെ ഉൾനാടൻപ്രദേശങ്ങളിലൂടെ സഞ്ചരിച്ചിട്ടുള്ളവർക്കാണ് ഈ യാത്രയുടെ പ്രയാസങ്ങൾ ബോദ്ധ്യമാവുക. ടാർ നിരത്തുകൾ ഇല്ലാത്ത ഒരു നാട്ടിലെ, മഴക്കാലത്ത് വെള്ളവും വേനൽക്കാലത്ത് കനത്ത പൊടിയും കയ്യടക്കുന്ന മൺനിരത്തുകളിലെ സഞ്ചാരം തീർച്ചയായും മടുപ്പിക്കുന്നതാണ്. പലരും പലയിടത്തേക്കും കുറുക്കുവഴികളെ ആശ്രയിക്കുന്നു. നെടുങ്കണ്ടത്തിനടുത്ത് രാമക്കൽ മേട്ടിൽനിന്ന് നേരെ മലയിറങ്ങിയാൽ താഴെ തമിഴ്നാട്ടിൽ കാൽകുത്താമല്ലോ. മീനുളിയാൻ പാറയുടെ നെറുകയിൽ നിന്നാൽ ഇടുക്കി ഡാമും കൊച്ചി നഗരവും കാണാൻ കഴിയും. കാഴ്ചയുടെ മറ്റൊരു കുറുക്കുവഴി!

പ്രഭാതത്തിലെ സുന്ദരമായ കാറ്റേറ്റ് മെല്ലെ നടന്നു. വഴിയരികിലെ ഒറ്റപ്പെട്ട വീടുകളിൽ വെട്ടം തെളിഞ്ഞിട്ടില്ല. വഴിമറഞ്ഞ് മഞ്ഞ് കൂടെ നടക്കുന്നുണ്ട്. എനിക്കു നന്നായി തണുപ്പനുഭവപ്പെടാൻ തുടങ്ങി. പറഞ്ഞുകേട്ട ഓർമ്മയിലൂടെ ഞാൻ നടന്നു. വിശാലമായ ഒരു പാറപ്പുറത്തെത്തി. എനിക്കു സംശയമായത് അപ്പോഴാണ്. വഴി പിഴച്ചുവോ ? നടപ്പു തുടങ്ങിയിട്ട് ഒരുപാട് സമയം കഴിഞ്ഞിരുന്നു. എന്തായാലും പാറപ്പുറം നടന്നു തീർത്തപ്പോൾ ഭൂമിയുടെ പരപ്പിന് ശമനം വന്നു. എനിക്ക് സമാധാനം തോന്നി. താഴെ റോഡിലെത്താനുള്ള മലയിറക്കം ആരംഭിക്കുന്നത് ഇവിടെ നിന്നാവാം. ഞാൻ കുത്തനെയുള്ള, ഗുഹാകവാടംപോലെ തോന്നിച്ച മാർഗത്തിനു മുന്നിൽ നിന്നു. താഴെ മഞ്ഞിന്റെ നരച്ച വെളുപ്പ് കാഴ്ചയെ തടയുന്നു. എങ്കിലും, കൊടും വനമാണ് എന്നു ബോദ്ധ്യമായി. പക്ഷേ വഴി ഇതു തന്നെയോ ? ചോദിക്കാൻ പരിസരത്തെങ്ങും ആരുമില്ല. ഒരു വീട് കണ്ടെത്തണമെങ്കിൽ പാതി വഴി പിറകോട്ടു നടക്കണം. ബുദ്ധിയുടെ അറയിലിരുന്ന് കെടാൻപോകുന്ന അവസാനത്തെ വെളിച്ചവും എന്നോടു ചോദിച്ചു: ഇതൊരു വഴിയാണോ ? ഇത്ര ദുഷ്കരമാണോ മനുഷ്യൻ സഞ്ചരിക്കാൻ തെരഞ്ഞെടുക്കുന്ന എളുപ്പവഴി? പക്ഷേ ഉച്ചയ്ക്കു മുമ്പ് എറണാകുളത്ത് എത്തേണ്ടത് അത്യാവശ്യമായതിനാൽ ഞാൻ ഒരു ചെറുപുഞ്ചിരിയോടെ ആ ഗർത്തത്തിലേക്ക് ഒരു മരവേരിൽ പിടിച്ച്, അതു വഴിയാണെന്നുതന്നെ ഉറപ്പിച്ച് ഇറങ്ങി. അതോടെ അവസാനത്തെ വെളിച്ചവും തലയ്ക്കകത്ത് കെട്ടു.

സ്കൂൾ വിദ്യാർത്ഥിയായിരിക്കെ നേച്ചർ ക്ലബ് പ്രവർത്തനവും അത്യാവശ്യം പക്ഷിനിരീക്ഷണഭ്രമവും അത്യാവശ്യം വനവൽക്കരണവും (സർക്കാരിന്റെ സാമൂഹ്യവനവൽക്കരണമല്ല!) ഒക്കെയായി ചുറ്റിത്തിരിഞ്ഞ കാലത്തൊന്നും കാണാൻ കഴിയാത്ത വിസ്മയദൃശ്യങ്ങൾ എനിക്കു മുന്നിൽ ആ കൊടുങ്കാട്ടിൽ അന്ന് തെളിഞ്ഞു. അപ്പോഴും എവിടെയോ ഞാൻ ആനന്ദിച്ചു. മരിക്കുകയാണെങ്കിൽ അത് സൗന്ദര്യം തികഞ്ഞ പ്രകൃതിയുടെ മടിയിൽ കിടന്നാവുമല്ലോ എന്നാവാം. കാട്ടാനകളുടെ ചിന്നം വിളിയും പക്ഷികളുടെ പാട്ടും തരാതരം ഇലകളിൻമേൽ തട്ടിച്ചിതറുന്ന പൊൻവെളിച്ചവും പാറക്കെട്ടുകളിൽനിന്നു തൂങ്ങിക്കിടക്കുന്ന കാട്ടുവള്ളികളും മാത്രമായിരുന്നില്ല ആ കാഴ്ച. ഇത്രയും ആനന്ദത്തോടെ ഒരിടത്തുവച്ചും പിൽക്കാലയാത്രകളിലൊന്നും ഞാൻ സൂര്യോദയം കണ്ടിട്ടില്ല. ഇന്നുവരേക്കും. വഴി തെറ്റി നടന്നു തളർന്ന ഞാൻ ഒരു പാറക്കെട്ടിൽ ഇരുന്ന് കൊതിതീരെ ഈ ദൃശ്യം കണ്ടു. ആകാശത്തിന്റെ നിറം മാറ്റവും അത് മലകൾക്കും പാറകൾക്കും ഇലകൾക്കും ആ പ്രദേശത്തെ അപ്പോഴത്തെ ഏക മനുഷ്യജീവിയായ എനിക്കും തന്ന നിറഭേദങ്ങൾ ഞാൻ ഹൃദയത്തിൽ ഏറ്റുവാങ്ങി.

വെളിച്ചം വന്നതോടെ കാട് ഒരു സൗഹൃദമായി തോന്നി. മുളങ്കാടുകളുടെ മനോഹാരിതയിൽ ഒരിടത്ത് ഞാൻ ചെന്നു കിടന്നു. ഭയം എന്നെ വിട്ടൊഴിഞ്ഞു. വിറകൊടിക്കാൻ, തേനെടുക്കാൻ, ഒരുപക്ഷേ വേട്ടയാടാൻ ഏതെങ്കിലുമൊരു മനുഷ്യൻ വരാതിരിക്കില്ല എന്നുറപ്പായി. കാരണം കനത്ത പാറക്കെട്ടുകളിൽ മാത്രം, പള്ളികൊണ്ട് കാട്ടുകമ്പുകൾ കെട്ടിയുണ്ടാക്കിയ ഏണി ഇറങ്ങാനും കയറാനും സഹായിക്കുന്ന വിധത്തിൽ ചിലയിടങ്ങളിൽ കെട്ടിവച്ചിട്ടുണ്ടായിരുന്നു. പക്ഷേ അവയുടെ കാലപ്പഴക്കം എന്നെ ഭയപ്പെടുത്താതിരുന്നില്ല. എന്നിട്ടും ഞാൻ നടന്നു. തെറ്റിയ വഴി സ്വയം ശരിയാവട്ടെ എന്നോർത്ത്. ഇരുപത് വയസ്സെത്താത്ത ഒരു പയ്യൻ മാത്രമാണ് ഞാനപ്പോൾ. വളരെ ദുർബലമായ ഒരു ശരീരവുമാണ് എനിക്കുള്ളത്. അപൂർവ്വ വർണ്ണങ്ങളിലുള്ള പക്ഷികൾ എന്നെ കടന്നുപോയി. ചില പൂക്കൾ തലനീട്ടി പിന്നാലെ വന്നു. മുള്ളു നിറഞ്ഞ തണ്ടുകൾ പിടിച്ചുനിർത്തി ആരാണെന്ന് അന്വേഷിച്ചു ഞാൻ അവരോട് സമചിത്തതയോടെ സംസാരിക്കാൻ തുടങ്ങി. ഇടയ്ക്ക് ഉറക്കെ കൂവി. മലകളിൽ തട്ടി അതു പലതവണ പ്രതിധ്വനിച്ചു ഞാൻ ഏകനാണെന്ന് ഉറപ്പായി.

ഇല്ലിയിലകളുടെ മെത്തയിൽ കിടന്ന് ഞാൻ ക്ഷീണം മാറ്റി. അപ്പോൾ തെളിഞ്ഞ നീലാകാശത്തെ പിളുക്കി പിളുക്കി വന്മരങ്ങൾ എനിക്കു കാണിച്ചുതന്നു. പിന്നെയും എന്നെ എന്റെ അവസ്ഥ ഒറ്റപ്പെടുത്താനും കുറ്റപ്പെടുത്താനും ഭയപ്പെടുത്താനും തുടങ്ങി. എന്റെ ഷർട്ടും പാന്റും ആകെ പൊടിയും വിയർപ്പും വെള്ളവും പറ്റി മുഷിഞ്ഞിരുന്നു. പേനയും പണവുമൊക്കെ ഞാൻ സുരക്ഷിതത്വ (!) ത്തിനു വേണ്ടി മനുഷ്യസഹജമായ അതേ വേവലാതിയോടെ സഞ്ചിയിലേക്കു മാറ്റിയിരുന്നു. അന്നെനിക്കു വാച്ചില്ല. സൂര്യൻ തലയ്ക്കു മുകളിലേക്കു സഞ്ചരിക്കുന്നത് എന്നെ മാനസികമായും തളർത്തിത്തുടങ്ങി. എറണാകുളത്ത് കാലത്ത് പത്തരയോടെ എത്തുമല്ലോയെന്നും അപ്പോൾ അപ്പവും മുട്ടയുമൊക്കെ കഴിക്കാമല്ലോ എന്നും വിചാരിച്ചാണ് ഞാൻ അതിരാവിലെ പുറപ്പെട്ടത്. വനത്തിനുള്ളിലെ യാത്ര എന്നെ വല്ലാതെ ക്ഷീണിപ്പിച്ചിരുന്നു. എനിക്കു നന്നായി ദാഹിക്കുകയും വിശക്കുകയും ചെയ്തു. ഒരുപക്ഷേ എന്റെ ജീവിതത്തിലെ ചെറിയ ചെറിയ യാത്രകളുടെയും ദുരിതാനുഭവങ്ങളുടെയും തുടക്കമായിരുന്നിരിക്കണം അന്നത്തെ കാട്ടുകയറ്റം. ഒരു റിഹേഴ്സൽ! കാരണം അന്നോളം വിശപ്പും ദാഹവും ഏകാന്തതയും ഞാൻ അറിഞ്ഞിരുന്നില്ല. ഞാൻ എന്നെപ്പറ്റിയും ഈ പ്രപഞ്ചത്തെപ്പറ്റിയും ആലോചിച്ചത് ആദ്യമായി അന്നാണ്. ഞാൻ മരിച്ചുപോകുകയേ ഉള്ളുവെന്ന് എനിക്കേതാണ്ട് തീർച്ചയായി. ആദ്യത്തെ സന്തോഷവും ആസ്വാദനവും എന്നെ കൈവിട്ടുകഴിഞ്ഞു. വെയിൽ നന്നായി ചൂടു പിടിച്ചു. ഇനി വഴി തെളിഞ്ഞു കിട്ടാനിടയില്ല. ഞാൻ ചിന്തിച്ചു. ഏതൊക്കെയോ അറിയാത്തെറ്റുകളുടെ ശിക്ഷയാണിതെന്ന് സമാധാനിച്ച് അതിന്റെ പൂർത്തീകരണത്തിനായി കാത്ത്, ഒരുതരം അബോധാവസ്ഥയിൽ ഞാൻ പിന്നെ ചലിച്ചുതുടങ്ങി. അതെന്നെ ഒരു സ്വർണ്ണകാന്താരത്തിനു നടുവിലെത്തിച്ചു എങ്ങും സ്വർണ്ണമഞ്ഞ! അതിശയിപ്പിക്കുന്ന വെളിച്ചം. ഇലകളില്ലാത്ത വിധം ബലിഷ്ഠമായ കണിക്കൊന്നകൾ പൂവൊരുക്കിയിരിക്കുന്നു!

'ഇന്നു ഞാൻ ചേർന്നു പതഞ്ഞൊഴുകട്ടെ നിൻ / സൗന്ദര്യസീതതരംഗങ്ങളിൽ! എന്നു പാടിയ പി.കുഞ്ഞിരാമൻ നായരെ ഞാനോർത്തു. ഞാൻ സർവ്വം മയങ്ങി ആ മഞ്ഞയിൽ വീണു. എത്ര നേരമെന്നറിയില്ല. അതൊരു ഏപ്രിൽ മാസമായിരുന്നോ എന്നും ഇന്നോർമ്മയില്ല. കാലം തെറ്റി കണിക്കൊന്നകൾ ചിലപ്പോൾ പൂക്കാറുണ്ടല്ലോ. അങ്ങനെയാവാം. അവിടെനിന്നും എഴുന്നേറ്റു നടന്ന ഞാൻ പിന്നെ എങ്ങനെയോ ഇറങ്ങിപ്പോന്ന വഴിയിൽ തിരിച്ചെത്തി. ഞാൻ രക്ഷപ്പെട്ടു. അതോ രക്ഷപ്പെടുത്തിയതോ! പുറത്തു കടന്നശേഷം ആകാശത്തിനു താഴെ വിശാലമായ പാറക്കെട്ടിൽ ഇരുന്ന് ഞാൻ വസ്ത്രങ്ങൾ മാറ്റി. ഏറെ ദൂരം പിറകോട്ട് നടന്ന് ഒരു വീട്ടിൽ ചോദിച്ച് ഞാൻ ശരിയായ വഴി കണ്ടുപിടിച്ച് റോഡിലിറങ്ങി മൂത്ത പ്രായത്തോളമെത്തിയ ശരീരത്തോടെ ബസ്സു കാത്തുനിന്നു. അപ്പോഴുമോർത്തു :

ഒന്നു കളിച്ചില്ല; മുങ്ങിക്കുളിച്ചില്ല
ദിവ്യസൗന്ദര്യച്ചിറയിൽ
ഒന്നു തൊഴുതില്ല, കമ്പിട്ടുപോന്നില്ല
ദിവ്യമനസ്സിൻ നടയിൽ (പി.)

പുറം ലോകത്തെത്താനുള്ള വ്യഗ്രതയിൽ എല്ലാം മറന്നു. നന്ദികേട്! ഇപ്പോഴും കണ്ണിലും ഹൃദയത്തിലുമുണ്ട് കണിക്കൊന്നയുടെ അന്നത്തെ ആതിഥ്യം. ഭയത്തിനുമീതെ സമാശ്വസിപ്പിച്ചു തെളിഞ്ഞ ആ പൊൻവെട്ടം.